LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

129(337) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ.എ. പി. അനിൽകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ.എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ അനുവദിച്ച ആദ്യ തുകയുടെ 60% ചെലവഴിക്കാൻ കഴിയാത്ത എത്ര ജില്ലകളാണ് സംസ്ഥാനത്തുള്ളതെന്നറിയിക്കുമോ ;

(ബി) ഈ ജില്ലകളിൽ ഈ വർഷത്തെ ഫണ്ട് അനുവദിക്കുന്നതിന് എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകളാണുള്ളത് ;

(സി) ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും 60%-ൽ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

130(338) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര ബ്ലോക്കുകളിൽ പ്രോഗ്രാം ആഫീസർമാരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തിക ഒഴിഞ്ഞുകിടക്കുന്ന ബ്ലോക്കുകളിൽ നിലവിലുള്ള ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസർമാരെ പ്രൊമോഷൻ നൽകി ഒഴിവുകൾ നികത്തുമോ ;

(സി) ഇല്ലെങ്കിൽ എങ്ങനെ പ്രസ്തുത ഒഴിവുകൾ നികത്തുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ബ്ലോക്ക് പ്രോഗ്രാം ആഫീസറിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 16 ബ്ലോക്കുകളിൽ ബ്ലോക്ക് പ്രോഗ്രാം ആഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് 52 ബ്ലോക്കുകളിൽ മാത്രമേ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിന്റെ 1/3പ്രൊമോഷൻ വഴിയും 2/3 നേരിട്ടുള്ള നിയമനം/ഡെപ്യൂട്ടേഷൻ വഴിയുമായിരിക്കും നികത്തുന്നത്.

(ഡി) ബ്ലോക്ക് പ്രോഗ്രാം ഓഫീസറിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ ചുവടെ ചേർക്കുന്നു:

1. ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും മറ്റ് നിർവ്വഹണ ഏജൻസികളും നടപ്പാക്കുന്ന പണികളുടെ മേൽനോട്ടം വഹിക്കുകയും നിരീക്ഷണം നടത്തുകയും ചെയ്യുക.

2. അർഹതയുള്ള കുടുംബങ്ങൾക്ക് തൊഴിൽ രഹിത വേതനം അനുവദിക്കുകയും തുക വിതരണം ചെയ്യുന്നത് ഉറപ്പുവരുത്തുകയും ചെയ്യുക.

3. ബ്ലോക്കിന്റെ കീഴിലുള്ള പദ്ധതികളിൽ പണിയെടുത്തവർക്കുള്ള കൂലി കൃത്യമായും ശരിയായ തരത്തിലും വിതരണം ചെയ്യുക.

4. ഓരോ ഗ്രാമപഞ്ചായത്തുപ്രദേശത്തും നടപ്പിലാക്കിയ പണികൾ യഥാക്രമം ഗ്രാമസഭയിൽ സാമൂഹിക ഓഡിറ്റ് നടത്തുന്നുവെന്ന് ഉറപ്പു വരുത്തുകയും അവിടെ ഉണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

തൊഴിലുറപ്പ് പദ്ധതി

131(339) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് തൊഴിലുറപ്പ് പദ്ധതിക്കായി സംസ്ഥാനം എത്ര കോടി രൂപയ്ക്കുള്ള ബഡ്ജറ്റ് വിഹിതമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്നറിയിക്കുമോ ;

(ബി) ഈ വർഷം ഈ ഇനത്തിൽ എന്തു തുകയാണ് സംസ്ഥാനത്തിന് ഇതുവരെ ആകെ ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷത്തേക്കുള്ള തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റ് കേന്ദ്രസർക്കാരിന് നൽകിയിട്ടില്ല. ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്ന പ്രക്രിയ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 2011 ഫെബ്രുവരിയോടുകൂടി മാത്രമേ പ്രസ്തുത ലേബർ ബഡ്ജറ്റ് പ്രൊപ്പോസൽ പൂർത്തിയാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly